# ലങ്കാദഹനം

എം. എൻ. കാരശ്ശേരി



ലങ്കാദഹനം

എം. എൻ. കാരശ്ശേരി
(മലയാളം: ലേഖനം)

© 2023, M. N. Karassery

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The Funeral of Shelley, a painting by Louis Édouard Fournier (1857–1917). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ലങ്കാദഹനം

എ. അയ്യപ്പന്റെ കവിതകളിൽ വിമോചനത്തിന്റെ തീയെരിയുന്നു. അദ്ദേഹം കാമിനിയെ ക്ഷണിക്കുകയുണ്ടായി: “കാണൂ, എന്റെ കാട്ടു തീ കത്തും മുഖം.”

അഗ്നിയുടെ വകഭേദങ്ങളായി സൂര്യനും ഗ്രീഷ്മകാലവും മഞ്ഞനിറവും നിറന്നുകത്തുന്ന ഒരു ലോകമാണത്. അവിടെ മൗനം ചീഞ്ഞുനാറുന്ന ശവവും വാക്ക് നഗ്നനായി എരിയുന്ന നരനുമാകുന്നു.

തീ കൊടുക്കേണ്ട ശവങ്ങൾ നിറഞ്ഞ ഭൂമിയിലൂടെയാണ് ഈ കവി നടക്കുന്നത്. ശവം ദഹിപ്പിക്കാതെ പുഴയിലെറിയുന്നതുകൊണ്ടാണ് “ഗംഗാജലത്തിന് ശവത്തിന്റെ രുചി.”

അഗ്നി രക്ഷോപായമാകുന്നു; സൗന്ദര്യമാകുന്നു.



എ. അയ്യപ്പൻ

എന്നും ഈ കവിക്ക് തീനാളമാണ്: ഓറഞ്ചിന്റെ അല്ലിയിൽ ഉമിത്തീയുടെ ചിരി, പ്രേമത്തിന്റെ ജഠരാഗ്നി, കത്തുന്ന തീയിൽ നട്ടുച്ച, ആരുടെയോ രേതസ്സിലൂടെ വന്നുപിറക്കേണ്ട ഗ്രീഷ്മം, സൂര്യനെപ്പോലെ ജ്വലിച്ചുനില്ക്കുന്ന വേദന, അഗ്നിയുടെ മുഖംകൊണ്ടുള്ള ചുംബനം, നാട്ടിയ തീപ്പന്തം കെടുത്തുന്ന വിവസ്ത്രകൾ, തീനാളമായിത്തീർന്ന മനസ്സ്...

എന്തിന്, കണ്ണുനീരുപോലും തീയിൽനിന്നാണ്: “നിന്റെ കണ്ണുകളിലെ നീരാവി ഇന്ന് മഴയായി പെയ്തു.”

അയ്യപ്പന്റെ കവിതകളുടെ പ്രധാനരോഗം പനിയാണ്. ചുട്ടുപൊള്ളുന്ന ആ അനുഭവം, ചിതയിലെരിയുന്നതിന്റെ രൂപഭേദമാവാം. ചുടലത്തെങ്ങിൽ നിന്നാണ് അദ്ദേഹം ഒരു കൈക്കുമ്പിൾ ജലം സംഭരിക്കുന്നത്.

> എവിടെയും തീയാണ്:
> “ആജ്ഞയും സാന്ത്വനവും പകർന്ന
> ഗ്രന്ഥപ്പുരയ്ക്കു തീപിടിക്കുന്നു.
> ചാരമായ മഹാഭാരതം
> പാതിയെരിഞ്ഞ ബൈബിൾ
> കത്തിക്കൊണ്ടിരിക്കുന്ന ഖുറാൻ
> പുകയും തീയും പുസ്തകങ്ങളും
> പൊള്ളുന്ന മനുഷ്യനും.”

കത്തിത്തീർന്നാൽ എല്ലാം കരിയായി മാറുന്നു. കറുപ്പും അയ്യപ്പന്റെ ഇഷ്ടവർണ്ണങ്ങളിലൊന്നാണ്. ഇനി കണ്ണുനീർ ചുരത്തുകയില്ലെന്നും താൻ കരിങ്കൊടി നാട്ടുമെന്നും അദ്ദേഹം പറഞ്ഞിട്ടുണ്ട്. ഇവിടെ കാലത്തിന് ശ്യാമവർണ്ണം കൈവന്നിരിക്കുന്നു. രാജ്യഭാരം കറുത്തിരുണ്ടിരിക്കുന്നു. ആ നാട്ടിൽ ഒരാൾക്കുമാത്രമേ കരിങ്കൊടി ചിഹ്നമായി ഉണ്ടായിരുന്നുള്ളൂ. അയ്യാൾക്ക് കിട്ടിയ ഒരേയൊരു വോട്ട് നമ്മുടെ അയ്യപ്പന്റേതായിരുന്നു.

ഒരോരുത്തനും സ്വന്തം പാഥേയത്തിലെ കരിക്കട്ടയാണെന്ന് ഈ കവി വിചാരിക്കുന്നു. വെറുതെയല്ല, അദ്ദേഹത്തിന് എപ്പോഴും ചോറിൽ നിന്ന് കരിക്കട്ട കിട്ടുന്നത്. കവിത കുമ്മായ വെളുപ്പായതുകൊണ്ട് കവി കരിക്കട്ട തേടുന്നവനാണെന്ന് തനിക്ക് സിദ്ധാന്തമുണ്ടല്ലോ; അയ്യപ്പൻ കരിയിലകളുടെ പാട്ടിൽ കാതോർത്തുനിൽക്കുകയാണല്ലോ.

ശുദ്ധീകരണത്തിന്റെ രൂപമായ ഈ തീയിന്റെ ഗർഭാശയം കവി കണ്ടെത്തിയിട്ടുണ്ട്: “കരിക്കട്ടയ്ക്കുള്ളിലെ അവസാനത്തെ കനൽപ്പുള്ളിയിൽനിന്ന് തീയുണരും.” ആ തരം തീയെരിയുന്ന വിറകാണ് കവിത. “അടുപ്പെരിയാനുള്ള വിറകല്ല എന്റെ കവിതയെന്ന് എഴുത്തറിവില്ലാത്ത എന്റെ അമ്മയ്ക്കറിയാം” എന്ന് കവി അഭിമാനിക്കുന്നു.

രാമച്ചത്തിന്റെ തണുപ്പിൽ നാടുവാഴിയുറങ്ങുമ്പോൾ ഗ്രാമത്തിലെ വേനൽ തീയായി മാറും; കറുകകൾക്ക് തീപ്പിടിക്കും.

അയ്യപ്പൻ എഴുതുന്നു:

> “രാമച്ചത്തിന്റെ തണുപ്പ് കനലായ്,
> ചന്ദനക്കട്ടിൽ സ്വന്തം ചിതയായ്
> കറുകകളിലൂടെ
> നാടുവാഴിയുടെ സ്വപ്നത്തിലൂടെ
> തീ ജീവിതമാകുന്നു
> എല്ലാം വിറകായെരിയുന്നു.”

കവിതയുടെ വാലിന് തീകൊളുത്തിയ ഒരനുഭവം അയ്യപ്പന്റെ കവിതയിലെവിടെയുമുണ്ട്. ഇവിടത്തെ നഗ്നനായ ഭ്രാന്തൻ പരുത്തിച്ചെടികൾക്ക് തീ കൊളുത്തിക്കൊണ്ടേയിരിക്കുന്നു.

അതുകൊണ്ട് കവി നമ്മെ ക്ഷണിക്കുന്നു:

“എന്റെ കൃഷ്ണമണിയിലുള്ള ശവമെരിയും ചിതയെ, അസ്ഥിമാടത്തറയിലുള്ളോരന്തിത്തിരിയെ ഒരു വട്ടം കണ്ടുപോകൂ...” അയ്യപ്പൻ കടിക്കുന്നത് തീയുള്ള കണ്ണുനീരിന്റെ മദ്യമാണ്.

സാക്ഷി, 1992 ഏപ്രിൽ.

□

# എം. എൻ. കാരശ്ശേരി



മുഴുവൻ പേര്: മുഹ്യുദ്ദീൻ നടുക്കണ്ടിയിൽ. കോഴിക്കോട് ജില്ലയിലെ കാരശ്ശേരി എന്ന ഗ്രാമത്തിൽ 1951 ജൂലായ് 2-ന് ജനിച്ചു. പിതാവ്: പരേതനായ എൻ. സി. മുഹമ്മദ് ഹാജി. മാതാവ്: കെ. സി. ആയിശക്കുട്ടി. കാരശ്ശേരി ഹിദായത്തുസ്സിബിയാൻ മദ്രസ്സ, ഐ. ഐ. എ. യു. പി. സ്കൂൾ, ചേന്ദമംഗല്ലൂർ ഹൈസ്കൂൾ, കോഴിക്കോട് ഗുരുവായൂരപ്പൻ കോളേജ്, കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗം എന്നിവിടങ്ങളിൽ പഠിച്ചു. സോഷ്യോളജി-മലയാളം ബി. എ., മലയാളം എം. എ., മലയാളം എം. ഫിൽ. പരീക്ഷകൾ പാസ്സായി. 1993-ൽ കാലിക്കറ്റ് സർവ്വകലാശാലയിൽ നിന്ന് ഡോക്ടറേറ്റ്. 1976–78 കാലത്ത് കോഴിക്കോട്ട് മാതൃഭൂമിയിൽ സഹപത്രാധിപരായിരുന്നു. പിന്നെ അധ്യാപകനായി. കോഴിക്കോട് ഗവ. ആർട്സ് ആന്റ് സയൻസ് കോളേജ്, കോടഞ്ചേരി ഗവ. കോളേജ്, കോഴിക്കോട് ഗവ: ഈവനിങ്ങ് കോളേജ് എന്നിവിടങ്ങളിൽ ജോലി നോക്കി. 1986-മുതൽ കാലിക്കറ്റ് സർവ്വകലാശാലാ മലയാളവിഭാഗത്തിൽ.

പുസ്തകങ്ങൾ: പുലിക്കോട്ടിൽകൃതികൾ (1979), വിശകലനം (1981), തിരുമൊഴികൾ (1981), മുല്ലാനാസറുദ്ദീന്റെ പൊടിക്കൈകൾ (1982), മക്കയിലേക്കുള്ള പാത (1983), ഹുസ്നുൽ ജമാൽ (1987), കുറിമാനം (1987), തിരുവരുൾ (1988), നവതാളം (1991), ആലോചന (1995), ഒന്നിന്റെ ദർശനം (1996), കാഴ്ചവട്ടം (1997) തുടങ്ങി എൺപതിലേറെ കൃതികൾ.

ഭാര്യ: വി. പി. ഖദീജ, മക്കൾ: നിശ, ആഷ്‌ലി, മുഹമ്മദ് ഹാരിസ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.